ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# REGIONAL BULLETIN

**DATE: 13.03.2025** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1). സ്ത്രീ മനസുകളിൽ ഭക്തിയുടെ പുണ്യം നിറച്ച് ആറ്റുകാൽ പൊങ്കാല; നിവേദ്യം അല്പസമയത്തിനകം.

2) പൊങ്കാലയ്ക്ക് ശേഷം ശുചീകരണത്തിന് സജ്ജമായി തിരുവനന്തപുരം നഗരസഭ; ഭക്തർക്ക് മടങ്ങാൻ സുഗമമായ യാത്ര സൗകര്യം ഒരുക്കി കെ.എസ്.ആർ.ടി.സി യും റെയിൽവെയും.

3) ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടിയായ WAVES ന് മുന്നോടിയായി കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന ആഗോള പ്രചാരണത്തിന് ഇന്ന് തുടക്കം.

4) "വൃക്ക രോഗങ്ങൾ നേരത്തെ കണ്ടെത്തുക, വൃക്കകളുടെ ആരോഗ്യം സംരക്ഷിക്കുക' എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക വൃക്കദിനം.

5) സംസ്ഥാനത്ത് ചൂട് കൂടുന്നു; കണ്ണൂർ, തൃശൂർ, മലപ്പുറം ജില്ലകളിൽ താപനില 38 മുതൽ 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&

<u>ആറ്റുകാൽ പൊങ്കാല (ഇൻട്രോ)</u>

തിരുവനന്തപുരം നഗരത്തെ ഭക്തി സാന്ദ്രമാക്കി ആറ്റുകാൽ പൊങ്കാല. സ്ത്രീകളുടെ ശബരിമലയായ ആറ്റുകാലിൽ ജനലക്ഷങ്ങളാണ് ഇക്കുറിയും പൊങ്കാലയിടാൻ എത്തിയത്. നിറഞ്ഞ പ്രാർത്ഥനയോടെയാണ് ഒരോ സ്ത്രീയും ആറ്റുകാൽ ദേവിക്ക് പൊങ്കാല അർപ്പിക്കുന്നത്. രാവിലെ 9.45 ന് ശുദ്ധ പുണ്യാഹ ചടങ്ങോടെയാണ് പൊങ്കാല സമർപ്പണത്തിന് തുടക്കമായത്. 10.15 ഓടെ അടുപ്പ് വെട്ട് ചടങ്ങ് നടന്നു. ഉച്ചയ്ക്ക് 1.15 നാണ് നിവേദ്യം. ഇതോടെ ഒരു വർഷം നീണ്ട കാത്തിരിപ്പ് സഫലമാകും.

വിശദാംശങ്ങളുമായി തിരുവനന്തപുരത്തു നിന്നും ആകാശവാണി ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.....

(വോയിസ്)

&&&&&&&&&&&&&&&&&&&

<u>പൊങ്കാല- ക്രമീകരണം</u>

ആറ്റുകാൽ പൊങ്കാലയ്ക്ക് ശേഷം നഗരം ശുചീകരിക്കാൻ സജ്ജമായി തിരുവനന്തപുരം നഗരസഭ. 3,204 തൊഴിലാളികളെയാണ് ശുചീകരണത്തിനായി നിയോഗിച്ചിരിക്കുന്നത്. മാലിന്യം നീക്കം ചെയ്യാൻ 350 വാഹനങ്ങളും , റോഡുകൾ വൃത്തിയാക്കാൻ 50 ഓളം വാട്ടർ ടാങ്കറുകളും സജ്ജമാക്കിയിട്ടുണ്ട്. പൊങ്കാലയിട്ട് മടങ്ങുന്ന ഭക്തർക്ക് സുഗമമായ യാത്ര ഉറപ്പാക്കാൻ കെ.എസ്.ആർ.ടി.സി വിപുലമായ സൗകര്യങ്ങൾക്ക് പുറമെ ഇന്ത്യൻ റെയിൽവേ പ്രത്യേക സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്. എറണാകുളം, ഏറ്റുമാനൂർ തുടങ്ങിയ സ്റ്റേഷനുകളിൽ ഉൾപ്പെടെ പ്രത്യേക സ്റ്റോപ്പുകളും അനുവദിച്ചിട്ടുണ്ട്. ഭക്തരുടെ സുരക്ഷയ്ക്കായി 4,500 ലധികം പോലീസുകാരെയും നിയോഗിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

<u>ആറ്റുകാൽ - കുത്തിയോട്ടം</u>

ആറ്റുകാൽ പൊങ്കാല ഉത്സവത്തിന്റെ ഭാഗമായുള്ള കുത്തിയോട്ടം ഇന്ന് രാത്രി നടക്കും. കുത്തിയോട്ട ബാലന്മാരുടെ അകമ്പടിയോടെ ദേവി മണക്കാട് ധർമശാസ്താ ക്ഷേത്രത്തിലേയ്ക്ക് എഴുന്നള്ളും. നാളെ രാവിലെ ശാസ്താ ക്ഷേത്രത്തിലെ പൂജയ്ക്ക് ശേഷമാകും ആറ്റുകാലിലേയ്ക്കുള്ള തിരിച്ചെഴുന്നള്ളത്ത്. നാളെ രാത്രി പത്തു മണിയോടെ ദേവിയുടെ കാപ്പ് അഴിച്ച് കുടിയിളക്കും. തുടർന്ന് നടക്കുന്ന കുരുതിതർപ്പണത്തോടെ ഈ വർഷത്തെ പൊങ്കാല ഉത്സവത്തിന് സമാപനമാകും.

&&&&&&&&&&&&&&&&&&&

## ആറ്റുകാൽ - ഇഷ്ടിക

പൊങ്കാലക്കു ശേഷം ബാക്കിയാവുന്ന ഇഷ്ടികകൾ അതിദരിദ്ര വിഭാഗത്തിലെ കുടുംബങ്ങൾക്ക് വീട് നിർമാണത്തിന് നൽകുന്നതിന് തിരുവനന്തപുരം കോർപ്പറേഷനെടുത്ത തീരുമാനത്തെ അഭിനന്ദിക്കുന്നതായി മന്ത്രി എം.ബി.രാജേഷ്. പൊങ്കാലക്കു ശേഷം നഗരം ശുചീകരിക്കാൻ മൂവായിരത്തിലധികം തൊഴിലാളികളെ നിയോഗിച്ചതും അഭിനന്ദനാർഹമാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## ആശമാർ പ്രതിഷേധ പൊങ്കാല

സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിഷേധ പൊങ്കാലയുമായി ആശാ വർക്കർമാർ. ഒരു മാസമായി സെക്രട്ടേറിയറ്റ് പടിക്കൽ സമരം ചെയ്യുന്ന ആശാ വർക്കർമാരാണ് പ്രതിഷേധ പൊങ്കാലയിട്ട് സമരം നടത്തുന്നത്. സർക്കാരിൻ്റെ കനിവ് തേടിയുള്ള പൊങ്കാലയാണ് ഇടുന്നതെന്നും 32 ദിനരാത്രങ്ങളുടെ വ്രതമാണ് നേർച്ചയായി സമർപ്പിക്കുന്നതെന്നും ആശാ വർക്കർമാർ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&&

## വേവ്സ് ഉച്ചകോടി

2025 മെയ് 1 മുതൽ മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടിയായ WAVES ന് മുന്നോടിയായി ആഗോളതലത്തിൽ കേന്ദ്ര സർക്കാർ പ്രചാരണം നടത്തും. ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന

പരിപാടിയിൽ മാധ്യമ, വിനോദ മേഖലയുടെ സമന്വയത്തിന് വഴിയൊരുക്കുന്ന ആഗോള വേദി എന്ന നിലയിലുള്ള WAVES ൻറെ നേട്ടങ്ങൾ വിശദമാക്കും. കേന്ദ്ര മന്ത്രിമാരായ ഡോ. എസ്. ജയ്ശങ്കർ, അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുകൻ തുടങ്ങിയവർ സംബന്ധിക്കും.

&&&&&&&&&&&&&&&&&&&

## ഹോളി

രാജ്യത്തുടനീളം ഇന്ന് ഹോളി ആഘോഷിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ ഇന്നും നാളെയുമായി പല പേരിലും തനതായ രീതിയിലുമാണ് നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിക്കുന്നത്. ഉത്സവത്തോട് അനുബന്ധിച്ച് ഹോളി കാ ദഹൻ നടക്കും.

&&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - യോഗം

ആഗോള നിക്ഷേപക ഉച്ചകോടിയിലെ വാഗ്ദാനങ്ങൾ അവലോകനം ചെയ്യുന്നതിന് നാളെ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് യോഗം ചേരും. വിവിധ വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരും പങ്കെടുക്കുന്ന യോഗത്തിൽ തുടർനടപടികൾ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&&

## സാക്ഷരതാ പദ്ധതി കാസർകോട് (ഇൻട്രോ)

ആറായിരം പേരെ സാക്ഷരരാക്കുന്ന ദേശീയ സാക്ഷരതാ പദ്ധതി കാസർകോട് ജില്ലയിൽ ആരംഭിച്ചു. കാസർകോട് ജില്ലയുടെ സാക്ഷരതാ നിരക്ക് 93 ശതമാനത്തിൽ നിന്ന് സംസ്ഥാന ശരാശരിയായ 96.2 ലേക്ക് ഉയർത്തുകയാണ്

ലക്ഷ്യം

കൂടുതൽ വിവരങ്ങളുമായി കാസർകോട് നിന്ന് ആകാശവാണി പ്രതിനിധി **പി ജഗന്നിവാസൻ……**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

## കണ്ണൂർ -മെഡിക്കൽ ഷോപ്പ്

മരുന്ന് മാറി നൽകിയതിനെ തുടർന്ന് എട്ട് മാസം പ്രായമുള്ള കുട്ടിക്ക് കരളിന് അസുഖം ബാധിച്ചതുമായി ബന്ധപ്പെട്ട് കണ്ണൂർ പഴയങ്ങാടിയിലെ മെഡിക്കൽ ഷോപ്പിനെതിരെ പൊലീസ് കേസെടുത്തു. ചെറുകുന്ന് സ്വദേശി ഇ.പി.അഷറഫ് നൽകിയ പരാതിയെ തുടർന്നാണ് നടപടി. അഷറഫിന്റെ സഹോദരൻ ഇ.പി.ഷമീറിന്റെ എട്ട് മാസം പ്രായമുള്ള കുഞ്ഞിനാണ് മരുന്ന് മാറി നൽകിയത്. കരളിന് അസുഖംബാധിച്ച കുട്ടി ഗുരുതരാവസ്ഥയിൽ ചികിൽസയിലാണ്.

&&&&&&&&&&&&&&&&&&&

## ലോക - വൃക്കദിനം

ഇന്ന് ലോക വൃക്കദിനം. "വൃക്ക രോഗങ്ങൾ നേരത്തെ കണ്ടെത്തുക, വൃക്കകളുടെ ആരോഗ്യം സംരക്ഷിക്കുക' എന്നതാണ് ഈ വർഷത്തെ പ്രമേയം. എല്ലാ വർഷവും മാർച്ചിലെ രണ്ടാമത്തെ വ്യാഴാഴ്ചയാണ് ലോക വൃക്ക ദിനമായി ആചരിക്കുന്നത്. വൃക്കരോഗങ്ങളുടെ വ്യാപ്തി, എങ്ങനെ പ്രതിരോധിക്കാം, നിയന്ത്രിക്കാം എന്നിവയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യങ്ങൾ.

&&&&&&&&&&&&&&&&&&&

## മാലി മുളക് ഇടുക്കി (ഇൻട്രോ)

ഹൈറേഞ്ചിലെ പ്രധാന ഇടവിളയായ മാലി മുളകിന്റെ വില ഉയർന്നു. നവംബറിൽ 100 രൂപയായിരുന്ന മുളക് വില 180-200 രൂപയായാണ് ഉയർന്നത്.

കൂടുതൽ വിവരങ്ങളുമായി ഇടുക്കിയിൽ നിന്ന് ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ.....**

**(വോയിസ്)**

**&&&&&&&&&&&&&&&&&&&**

## സംസ്ഥാനത്ത് ചൂട്

സംസ്ഥാനത്ത് ചൂട് കൂടുന്നു. കണ്ണൂർ, തൃശൂർ, മലപ്പുറം ജില്ലകളിൽ താപനില 38 മുതൽ 40 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കുമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി മുന്നറിയിപ്പ് നൽകി. കോഴിക്കോട്, പാലക്കാട്, കാസർകോട്, എറണാകുളം ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കും. തിരുവനന്തപുരത്ത് 30 ഡിഗ്രി സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടാനിടയുണ്ടെന്നും മുന്നറിയിപ്പ്.

**&&&&&&&&&&&&&&&&&&&**

## വനിത ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ജയന്റ്സിനെ നേരിടും. രാത്രി 7.30 ന് മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. 10 പോയിന്റുമായി ഒന്നാം സ്ഥാനത്തുള്ള ഡൽഹി ക്യാപിറ്റൽസ് ഇതിനകം ടൂർണമെന്റിന്റെ

ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു.

**&&&&&&&&&&&&&&&&&&&**

## ശബരിമല

മീനമാസ പൂജയ്ക്കായി നാളെ വൈകിട്ട് അഞ്ചിനു ശബരിമല നട തുറക്കും. പതിനെട്ടാംപടി ചവിട്ടിയെത്തുന്ന തീർഥാടകർക്ക് മേൽപ്പാലം ഒഴിവാക്കി നേരിട്ട് ദർശനം നടത്താൻ സാധിക്കും വിധത്തിലുള്ള പുതിയ ദർശന രീതി പരീക്ഷണാടിസ്ഥാനത്തിൽ നാളെ മുതൽ നടപ്പിലാക്കും.

&&&&&&&&&&&&&&&&&&&&

## വവ്വാലുകൾ കൂട്ടത്തോടെ ചാകുന്നു

മലപ്പുറം ജില്ലയിലെ തിരുവാലിയിൽ വവ്വാലുകൾ കൂട്ടത്തോടെ ചത്തത് കനത്ത ചൂട് കാരണമെന്ന് പ്രാഥമിക നിഗമനം. വനം- ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. വിദഗ്ധ പരിശോധനയ്ക്കായി സാമ്പിളുകൾ പുനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## തപസ്യ-കലാ സാഹിത്യ വേദി

മഹാകവി അക്കിത്തത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് തപസ്യ കലാസാഹിത്യ വേദി ഈ മാസം 16 ന് തുടക്കം കുറിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് തപസ്യ ആസൂത്രണം ചെയ്തിട്ടുള്ളത്. അക്കിത്തത്തിന്റെ കവിതകളെ കുറിച്ചുള്ള സെമിനാറുകൾ, കവിതകളുടെ ദൃശ്യ- സംഗീതാവിഷ്കാരങ്ങൾ തുടങ്ങിയ പരിപാടികൾ നടക്കും.

&&&&&&&&&&&&&&&&&&&&

## സ്പേസ് എക്സ്

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ വംശജയായ ബഹിരാകാശയാത്രിക സുനിത വില്യംസിൻറെയും ബുച്ച് വിൽമോറിൻറെയും ഭൂമിയിലേക്കുള്ള മടക്കയാത്ര മാറ്റിവച്ചു. വിക്ഷേപണത്തിലെ സാങ്കേതിക പ്രശ്നം കാരണം സ്പേസ് എക്സ് പേടകത്തിന്റെ യാത്ര താത്കാലികമായി മാറ്റി വയ്ക്കുകയായിരുന്നു. കാലതാമസം നേരിടുന്നുണ്ടെങ്കിലും, രണ്ട് ബഹിരാകാശയാത്രികരും സുരക്ഷിതരാണെന്ന് നാസ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## എം.ബി രാജേഷ്

കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് മന്ത്രി മനോഹർ ലാൽ ഖട്ടറുമായി മന്ത്രി എം ബി രാജേഷ് കൂടിക്കാഴ്ച നടത്തി. ഏപ്രിലിൽ തിരുവനന്തപുരത്ത് നടക്കുന്ന **'വൃത്തി'** ശുചിത്വ കോൺക്ലേവിലേക്കും, മെയ് മാസത്തിൽ കൊച്ചിയിൽ നടക്കുന്ന അർബൻ കോൺക്ലേവിലേക്കും കേന്ദ്ര മന്ത്രിയെ ക്ഷണിച്ചു. സംസ്ഥാനത്തെ നഗര തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 687 കോടി രൂപ എത്രയും വേഗം അനുവദിക്കണമെന്ന് കൂടിക്കാഴ്ചയിൽ ആവശ്യമുന്നയിച്ചതായും സൂചനയുണ്ട്.

&&&&&&&&&&&&&&&&&&&&

## .ചാലക്കുടി-വാഹനപകടം

ചാലക്കുടി പോട്ട ആശ്രമം സിഗ്നൽ ജംഗ്ഷനിൽ വാഹനാപകടം. ഒരാൾ മരിച്ചു. വിജയരാഘവപുരം സ്വദേശി അനീഷാണ് മരിച്ചത്. ലോറി സ്കൂട്ടറിലിടിച്ചായിരുന്നു അപകടം.

&&&&&&&&&&&&&&&&&&&&

## മാർഗദീപം -സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുളള മാർഗദീപം സ്കോളർഷിപ്പിന് ഈ മാസം 15 വരെ അപേക്ഷകൾ സമർപ്പിക്കാം. 1,500 രൂപയാണ് സ്കോളർഷിപ്പ് തുക. കുടുംബ വാർഷികവരുമാനം രണ്ടര ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

&&&&&&&&&&&&&&&&&&&&

## ഓഹരി -സ്വർണം

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 140 പോയിന്റ് ഉയർന്ന് 74,156 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 18 പോയിന്റ് ഉയർന്ന് 22,486 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ വർധന. ഗ്രാമിന് 55 രൂപ കൂടി 8,120 രൂപയും പവന് 440 രൂപ വർധിച്ച് 64,960 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

&&&&&&&&&

&&&&&&